**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4391** **18-03-2025 - ൽ മറുപടിയ്ക്ക്**

**ആഭ്യന്തര വൈദ്യുതി ഉത്പാദന വർദ്ധനവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ),<br>ശ്രീ. ആന്റണി ജോൺ,<br>ശ്രീ. ലിന്റോ ജോസഫ്,<br>ശ്രീ. എ. രാജ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | ആഭ്യന്തര വൈദ്യുതി ഉത്പാദനം പ്രഖ്യാപിത ലക്ഷ്യത്തിലേക്കെത്തിക്കുന്നതിന്റെ ഭാഗമായി കെ.എസ്.ഇ.ബി.യിൽ ഉന്നത ഉദ്യോഗസ്ഥരുടെ ഘടനയിൽ മാറ്റം വരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ആഭ്യന്തര ഉത്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി സിവിൽ ചീഫ് എഞ്ചിനീയറുടെ സ്ഥാനങ്ങൾ ചീഫ് എഞ്ചിനീയർ (പ്രോജക്ട്സ്), ചീഫ് എഞ്ചിനീയർ (പ്രോജക്ട് പ്ലാനിംഗ്), ചീഫ് എഞ്ചിനീയർ (ബിൽഡിംഗ്സ്), ചീഫ് എഞ്ചിനീയർ (ഡാം & സേഫ്റ്റി) എന്നിങ്ങനെ പുനക്രമീകരിച്ചു . ഇപ്രകാരം പദ്ധതികളുടെ രൂപീകരണത്തിലും , പ്ലാനിംഗിലും, നിർമ്മാണത്തിലും കൂടുതൽ കാര്യക്ഷമത ഫീൽഡ് തലത്തിൽ കൈവരിക്കാൻ സാധിക്കും എന്ന് കെ.എസ് .ഇ.ബി .എൽ അറിയിച്ചിട്ടുണ്ട്. |
| (ബി) | ഉത്പാദനം വർദ്ധിപ്പിക്കുന്നതോടൊപ്പം തന്നെ വൈദ്യുതി ഇറക്കുമതി ശേഷി വർദ്ധിപ്പിക്കുന്നതിനായി സ്വീകരിച്ചു വരുന്ന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; അറിയിക്കുമോ; | (ബി) | നിലവിലെ പ്രസരണ ശൃംഖലയ്ക്ക് സംസ്ഥാനത്തിന് പുറത്തു നിന്നും 4455MW വൈദ്യുതി എത്തിച്ച് വിതരണം ചെയ്യാനുള്ളശേഷി ആണ് ഇപ്പോൾ ഉള്ളത്. ആഭ്യന്തര ഉത്പ്പാദനവും കൂട്ടി ഏകദേശം 6000MW വരെ വിതരണം ചെയ്യാനുള്ള ശേഷി നിലവിൽ പ്രസരണ ശൃംഖലയ്ക്കുണ്ട്.<br><br>പ്രസരണ മേഖലയിൽ കേരളത്തിന് പുറത്തു നിന്നും വൈദ്യുതി എത്തിക്കുന്നതിനായി 400kV ഉഡുപ്പി – കാസർഗോഡ് ലൈനിന്റെ നിർമ്മാണ പ്രവർത്തനം നടന്നു വരുന്നു. കേരളത്തിന്റെ ഭാഗത്തെ ലൈൻ നിർമ്മാണം 65% പുരോഗതി കൈവരിച്ചിട്ടുണ്ട്. 400kV കരിന്തളം സബ്സ്റ്റേഷന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. പദ്ധതി നടപ്പിലാകുന്നതോടു കൂടി കേരളത്തിന്റെ ഇറക്കുമതി ശേഷി 6000MW ആയി വർധിക്കുന്നതാണ്.<br><br>സംസ്ഥാനത്തെ ഇന്റർകണക്റ്റിംഗ് ട്രാൻസ്ഫോർമറുകൾക്ക് നിലവിലുള്ള ഉപഭോഗത്തിനാവശ്യമായ വൈദ്യുതി വഹിക്കാനുള്ള ശേഷി ഉണ്ട്. കൂടാതെ 2031-32 ആകുമ്പോഴുള്ള |

| | | | |
|---|---|---|---|
| | | | ഉപഭോഗം കണക്കിലെടുത്ത് കേരളത്തിനകത്തുള്ള 400kV സബ്സ്റ്റേഷനുകളുടെ ശേഷി വർധിപ്പിക്കുന്നതിനുള്ള നടപടികളും, പുതിയ 400kV സബ്സ്റ്റേഷനുകൾ നിർമ്മിക്കുന്നതിനുമുള്ള നടപടികളും (വിശദാംശങ്ങൾ താഴെ കൊടുത്തിരിക്കുന്നു) ഘട്ടം ഘട്ടമായി നടത്തി വരുന്നു.<br><br>1.തിരുവനന്തപുരം (PGCIL) 400kV സബ്സ്റ്റേഷനിൽ അധികമായി ഒരു 500MVA 400/220kV ICT സ്ഥാപിക്കൽ<br><br>2. കോഴിക്കോട് (PGCIL) 400kV സബ്സ്റ്റേഷനിൽ അധികമായി ഒരു 500MVA 400/220kV ICT സ്ഥാപിക്കൽ<br><br>3. കോട്ടയം (PGCIL) 400kV സബ്സ്റ്റേഷനിൽ അധികമായി ഒരു 500MVA 400/220kV ICT സ്ഥാപിക്കൽ<br><br>4. ഇടമണിൽ പുതിയ 400kV സബ്സ്റ്റേഷൻ നിർമ്മാണം<br><br>5. 400kV കാസർഗോഡ് സബ്സ്റ്റേഷന്റെയും 400kV ഉഡുപ്പി–കാസർഗോഡ് ലൈനിന്റെയും നിർമ്മാണം. |
| (സി) | സംസ്ഥാനത്തെ പ്രസരണ ശൃംഖലയുടെ നവീകരണത്തിനും വികസനത്തിനുമായി നടപ്പാക്കുന്ന പദ്ധതികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | സംസ്ഥാനത്തെ പ്രസരണ ശൃംഖലയുടെ നവീകരണത്തിനും വികസനത്തിനുമായി പ്രസരണ വിഭാഗത്തിന്റെ പരിധിയിൽ താഴെ പറയുന്ന പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ട്.<br><br>2022-27 കാലയളവിലുള്ള ദീർഘകാല പ്രസരണ ശൃംഖല വികസനത്തിനായി പുതിയ സബ്സ്റ്റേഷനുകളുടെയും അനുബന്ധ ലൈനുകളുടെയും നിർമ്മാണവും, നിലവിലുള്ള സബ്സ്റ്റേഷനുകളുടെയും അനുബന്ധ ലൈനുകളുടെയും ശേഷി വർധിപ്പിക്കുന്ന പ്രവൃത്തികളും വിഭാവനം ചെയ്തതിൻ പ്രകാരം 11 സബ്സ്റ്റേഷനുകൾ 2021-2022-ലും, 6 സബ്സ്റ്റേഷനുകൾ 2022-23 ലും, 7 സബ്സ്റ്റേഷനുകൾ (ഒരു 400 kV സബ്സ്റ്റേഷൻ ഉൾപ്പടെ) 2023-24 ലും, ഇതുവരെ 2024-25-ൽ 6 സബ്സ്റ്റേഷനുകളും പൂർത്തീകരിച്ചു. SCADA സംവിധാനത്തോടുകൂടി രണ്ട് 220 കെ.വി സബ്സ്റ്റേഷനുകൾ 2021-22 ലും 4 എണ്ണം 2022-23 ലും പൂർത്തീകരിച്ചു.<br><br>33 കെ.വി ഔട്ട്ഡോർ സബ്സ്റ്റേഷനുകളെ വിദൂര നിയന്ത്രിത സംവിധാനത്തോടെ ഇൻഡോർ സബ്സ്റ്റേഷനുകളാക്കി മാറ്റുന്നതിന്റെ ഭാഗമായി 33 |

കെ.വി. NIT Calicut ഇൻഡോർ സബ്സ്റ്റേഷന്റെ-യും 33 കെ.വി.വെണ്ണിയൂർ യൂണിറ്റേയ്സ്ഡ് സബ്സ്റ്റേഷന്റെ (USS)-യും നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ച് യഥാക്രമം 06.08.2024 നും 27.12.2024 നും കമ്മീഷൻ ചെയ്തു. 33 കെ.വി കുന്നുംപുറം യൂണിറ്റേയ്സ്ഡ് സബ്സ്റ്റേഷൻ (USS)-ന്റെ നിർമ്മാണ പ്രവൃത്തികൾ നടന്നു വരുന്നു. 33 കെ.വി. തൃശ്ശൂർ മെഡിക്കൽ കോളേജ് USS സബ്സ്റ്റേഷന്റെ നിർമ്മാണ പ്രവൃത്തികൾ ഉടൻ ആരംഭിക്കാവുന്നതാണെന്ന് പ്രതീക്ഷിക്കുന്നു.

സംസ്ഥാന സർക്കാരിന്റെ ഊർജ്ജ കേരള മിഷൻ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന ട്രാൻസ്ഗ്രിഡ് 2.0 പദ്ധതിയിൽ കഴിഞ്ഞ 6 വർഷങ്ങൾ കൊണ്ട് തന്നെ ഒരു 400 കെ.വി സബ്സ്റ്റേഷനും പതിനൊന്ന് 220 കെ വി സബ്സ്റ്റേഷനുകളും 179 സർക്യൂട്ട് കി.മി 400 കെ.വി ലൈൻ ഉൾപ്പെടെ 1801 സർക്യൂട്ട് കി.മി EHT ലൈനുകളും നിർമ്മാണം പൂർത്തിയാക്കി.

2020 ൽ ആരംഭിച്ച രണ്ടാം ഘട്ടത്തിൽ പത്തനംതിട്ട, കക്കാട് 220 കെ.വി ഗ്യാസ് ഇൻസുലേറ്റഡ് സബ്സ്റ്റേഷനുകളുടെയും അനുബന്ധ ലൈനുകളുടെ നിർമ്മാണവും TERLS-മെഡിക്കൽ കോളേജ് 110 കെ.വി സബ്സ്റ്റേഷനുകളെ തമ്മിലും വിഴിഞ്ഞം-മുട്ടത്തറ- വേളി സബ്സ്റ്റേഷനുകളെ തമ്മിലും ഭൂഗർഭ കേബിൾ ഉപയോഗിച്ച് ബന്ധിപ്പിക്കുന്ന പ്രവൃത്തിയും പുരോഗമിക്കുന്നു. കൂടാതെ ഗ്രീൻ എനർജി കോറിഡോർ പദ്ധതികളിൽ ഉൾപ്പെട്ട 125 കി.മി ദൈർഘ്യമുള്ള കാസർഗോഡ് മുതൽ വയനാട് വരെയുള്ള 400 കെ.വി ലൈനിന്റെയും, കുന്നംകുളം - വെങ്ങല്ലൂർ 220/110 കെ.വി ലൈനിന്റെയും നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

2022-27 കാലയളവിലുള്ള ദീർഘകാല പ്രസരണ ശൃംഖല വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള എല്ലാ പ്രവൃത്തികളും പൂർത്തിയാകുന്നതോടു കൂടി പ്രസരണ നഷ്ടം കുറയ്ക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

ഊർജ്ജ നഷ്ടം കുറയ്ക്കുന്നതിനും, ഉപപ്രസരണ ശൃംഖല നവീകരിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനുമായി RDSS എന്ന പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തി പ്രസരണ നഷ്ടം കുറയ്ക്കുന്നതിന് വേണ്ടി നിലവിലുള്ള 465.253 കിലോമീറ്റർ 33kV ഓവർഹെഡ് ലൈനുകൾ, കവേർഡ് കണ്ടക്ടറും, ഭൂഗർഭ കേബിളും ഉപയോഗിച്ച് നവീകരിക്കുന്ന പ്രവൃത്തികൾ ടെൻഡർ വിളിച്ച് 199 കോടി രൂപയ്ക്ക് കരാർ നൽകി നടപ്പിലാക്കി വരുന്നു. മൊത്തം 45

| | | | |
|---|---|---|---|
| | | | പ്രവൃത്തികളിൽ 12 ലൈനുകളുടെ റീകണ്ടക്ടറിംഗ് ജോലികൾ പൂർത്തിയാക്കി കമ്മീഷൻ ചെയ്തിട്ടുണ്ട് . ബാക്കിയുള്ള പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലാണ്. |

സെക്ഷൻ ഓഫീസർ